പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2120 **26-10-2026-ൽ മറുപടിയ്ക്ക്**

അംഗപരിമിതർക്ക് മുച്ചക്രവാഹനം നൽകുന്ന പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. മനോജ് മൂത്തേടൻ

ശ്രീ. ജ്യോതികുമാർ ചാമക്കാല

ശ്രീ. സുമേഷ് അച്ചുതൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. എം. ഷാജി

(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) അംഗപരിമിതർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന മുച്ചക്രവാഹനം നൽകുന്ന പദ്ധതിയുടെ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

മറുപടി: 40 ശതമാനമോ അതിൽ കൂടുതലോ വൈകല്യമുള്ള, എന്നാൽ വൈകല്യമുണ്ടെങ്കിലും സ്കൂട്ടർ ഓടിക്കാൻ കഴിവുള്ള ആളാണെന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തുന്ന ഭിന്നശേഷിക്കാർക്കാണ് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വാങ്ങി നൽകാവുന്നത്. മോട്ടോർ വാഹന വകുപ്പിന്റെ ലൈസൻസ് പിന്നീട് കരസ്ഥമാക്കിയാൽ മതിയാകും. 8 വർഷത്തിനുള്ളിൽ സ്കൂട്ടർ വാങ്ങാൻ ധനസഹായം ലഭിച്ചവർക്ക് വീണ്ടും സ്കൂട്ടർ വാങ്ങാൻ ധനസഹായം നൽകാവുന്നതല്ല. ഇലക്ട്രിക് സ്കൂട്ടർ വാങ്ങുന്നതിനാണ് മുൻഗണന നൽകേണ്ടത്. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രമാണ് പ്രോജക്ട് ഏറ്റെടുക്കാവുന്നത്. എന്നാൽ ത്രിതല പഞ്ചായത്തുകളിൽ സ്കൂട്ടർ വാങ്ങുന്നത് ജില്ലാ പഞ്ചായത്ത് മുഖേന ആയിരിക്കണം. ഗുണഭോക്താളുടെ അർഹതാ പട്ടിക ബന്ധപ്പെട്ട ഗ്രാമസഭയോ വാർഡ് സഭയോ പരിശോധിച്ച് അംഗീകരിച്ചിരിക്കണം. ഗുണഭോക്തൃലിസ്റ്റ് ഗ്രാമപഞ്ചായത്ത്/നഗരസഭ തീരുമാനത്തോടെ നൽകിയവയുമായിരിക്കണം. ത്രിതല പഞ്ചായത്തിൽ ആയത് വിതരണം ചെയ്യുന്നതും ഗ്രാമപഞ്ചായത്തുകൾ വഴി ആയിരിക്കണം. നഗരസഭകൾക്ക് ഇത്തരം വാഹനങ്ങൾ നേരിട്ട് തന്നെ വാങ്ങി വിതരണം ചെയ്യാവുന്നതാണ്.

ആവശ്യകതാ നിർണ്ണയ ക്യാമ്പ് നടത്തി, ഓരോ വ്യക്തിക്കും അനുയോജ്യമായ വാഹനത്തിന്റെ സ്പെസിഫിക്കേഷനും മതിപ്പ് വിലയും നിശ്ചയിച്ച ശേഷമേ പ്രോജക്ട് തയ്യാറാക്കാവൂ.

ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറുടെ സാങ്കേതിക സഹായത്തോടെ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ, സി.ഡി.പി.ഒ, അല്ലെങ്കിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർ എന്നിവരിൽ ഒരാളാണ് ഈ പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥ(ൻ) ആയി പ്രവർത്തിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും ലഘൂകരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

മറുപടി: അംഗപരിമിതർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന മുച്ചക്രവാഹനം നൽകുന്ന പദ്ധതിയുടെ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും ലഘൂകരിക്കുന്ന വിഷയം പതിനഞ്ചാം പഞ്ചവത്സര

പദ്ധതിക്കായി മാർഗ്ഗരേഖ പരിഷ്കരിക്കുന്ന ഘട്ടത്തിൽ പരിശോധിക്കുന്നതാണ്.

(സി) യഥാസമയം ആവശ്യമായ പരിശോധനകൾ നടത്തി സാക്ഷ്യപത്രങ്ങൾ നൽകുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടാകുന്ന അനാസ്ഥയും കാലതാമസവും പ്രസ്തുത പദ്ധതി നിർവഹണം നടത്തുന്നതിന് പ്രയാസം നേരിടുന്നുണ്ടോ ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

മറുപടി: പ്രസ്തുത പദ്ധതിയുടെ നിർവഹണത്തിൽ പ്രയാസം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ